NISH ONLINE INTERACTIVE DISABILITY AWARENESS SEMINAR- NIDAS

# TITLE: ദുരന്ത ലഘൂകരണത്തിൽ ഭിന്നശേഷിക്കാരുടെ ശാക്തീകരണം

Vocational Paper Series No: 19 Vol: 2017/05

രാജ്യത്തെ ഏറ്റവുമൊടുവിലത്തെ സെൻസസിൻറെ അടിസ്ഥാനത്തിലും നാഷനൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ വൈകല്യങ്ങൾ സംബന്ധിച്ചു സമഗ്ര സർവ്വേയുടെ ഫലങ്ങൾ പ്രകാരവും ഇന്ത്യയിൽ വൈകല്യമുള്ളവർ 21 ദശലക്ഷമാണെന്നാണ് ഔദ്യോഗികമയി കണക്കാക്കപ്പെട്ടിരിക്കുന്നത്. കേരളത്തിലാകട്ടെ, വൈകല്യങ്ങളെക്കുറിച്ച് 2015ൽ നടത്തിയ സെൻസെസ്സ് പ്രകാരം വൈകല്യമുള്ളവർ 7,93,937 ആണ്. 22 ഇനം വൈകല്യങ്ങളാണ് ഈ സർവ്വേയിൽ കണക്കിലെടുക്കുന്നത്. ഈ കണക്കുകൾ പ്രകാരം ഏതെങ്കിലും വിധത്തിലുള്ള വൈകല്യങ്ങളുള്ളവരുൾക്കൊള്ളുന്ന 9.87 കുടുംബങ്ങളുണ്ട്. ഇത് സംസ്ഥാനത്തെ മൊത്തം കുടുംബങ്ങളുടെ 11.01 ശതമാനമാകുന്നു.
വൈകല്യങ്ങളുള്ളവരുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെ ഉടമ്പടി ഭിന്നശേഷിക്കാർക്കു നൽകുന്ന നിർവചനം ഇങ്ങനെയാണ്. ''ദീർഘകാലമായി ശാരീരികവും മാനസികവും ബുദ്ധിപരവും സംവേദനപരവുമായ വൈകല്യങ്ങൾ അനുഭവിക്കുകയും അതിൻറെ ഫലമായി സമൂഹത്തിൽ മറ്റുള്ളവർക്കൊപ്പം പൂർണമായും ഫലപ്രദമായി പ്രവർത്തിക്കുന്നതിൽ പ്രതിബന്ധങ്ങൾ നേരിടുകയും ചെയ്യുന്നവർ വൈകല്യമുള്ളവരാകുന്നു''. സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2030 ൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നവയിൽ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ വൈകല്യമുള്ളവരെ തൊഴിലിലേർപ്പെടുത്തേണ്ടതിൻറെ പ്രാധാന്യം വ്യക്തമാക്കുന്നു.

**ലക്ഷ്യം - 4**: മറ്റുള്ളവർക്കൊപ്പം ചേർന്ന് പഠിക്കുന്നതിനുള്ള സാഹചര്യമൊരുക്കിക്കൊണ്ടും വൈകല്യമുള്ളവർക്കാവശ്യമായ സഹായങ്ങൾ ലഭ്യമാക്കിക്കൊണ്ടും തുല്യവും പ്രാപ്യവുമായ വിദ്യാഭ്യാസം ഉറപ്പാക്കുക.

**ലക്ഷ്യം 8**: വൈകല്യങ്ങളുള്ളവരെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള സാമ്പത്തികാഭിവൃദ്ധി പ്രോൽസാഹിപ്പിച്ചുകൊണ്ടും തികഞ്ഞ ഉത്പാദനക്ഷമതയുള്ള തൊഴിൽ ചെയ്യാൻ അനുവദിച്ചുകൊണ്ടും അവർക്കു തൊഴിലിൻറെ മത്സരക്കമ്പോളം അഭിഗമ്യമാക്കാൻ വഴി തുറന്നു കൊടുക്കുക.

**ലക്ഷ്യം 10**: വൈകല്യമുള്ളവരെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയമേഖലകളിലേക്കും കൊണ്ടുവരുന്നതിൽ ഊന്നൽ നൽകുക.

ഇന്ത്യൻ ഭരണഘടന എല്ലാ വ്യക്തികൾക്കും തുല്യതയും സ്വാതന്ത്ര്യവും നീതിയും മാന്യതയും ഉറപ്പു നല്കുകയും വൈകല്യങ്ങളുള്ള ജനവിഭാഗത്തെ ഉൾകൊണ്ടുള്ള ഒരു സമൂഹം വിഭാവനം

ചെയുകയും ചെയ്യുന്നു. പൗരന്മാരെ സംബന്ധിക്കുന്ന ഭരണ ഘടനാവ്യവസ്ഥകളിൽ വൈകല്യങ്ങളുള്ളവരുടെ ശാക്തീകരണം സാധ്യമാക്കുന്നതിനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാരുകളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

ദുരന്തങ്ങൾ സംഭവിക്കുമ്പോൾ അവ ആദ്യം ബാധിക്കുന്നത് വൈകല്യമുള്ളവരെയാണെങ്കിലും ദുരന്ത നിവാരണയജ്ഞങ്ങളിൽ പലപ്പോഴും അവർ പുറന്തള്ളപ്പെടുകയാണ്. ആപത്ഘട്ടങ്ങളിൽ ദുരന്ത നിവാരണ, ദുരിതാശ്വാസപ്രവർത്തകാരുടെ ശ്രദ്ധയിൽപ്പെടാതെ പോകുന്നു. അവരുടെ അടിസ്ഥാന ആവശ്യങ്ങളോടുള്ള പ്രതികരണങ്ങൾ പലപ്പോഴും പരിസ്ഥിതികളോടിണങ്ങുന്നതല്ലാത്തതിനാൽ അവരുടെ ആവശ്യങ്ങൾ അവഗണിക്കപ്പെട്ടുപോകുകയാണ്. അവർ ആക്ഷേപിക്കപ്പെടുകയും അക്രമിക്കപ്പെടുകയും ചെയ്യാനുള്ള സാദ്ധ്യത കൂടുതലാണ്. അക്കാരണത്താൽ തന്നെ ദുരന്തങ്ങളുണ്ടാകുമ്പോൾ അവ അവരുടെ ശാരീരിക, മാനസികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. സഹായം ലഭിക്കാതിരുന്നാൽ ശാരീരിക വൈകല്യമുള്ളവരെ ദുരന്തമുഖത്തുനിന്ന് ഒഴിപ്പിക്കാനുള്ള സാദ്ധ്യത മങ്ങും. ദുരന്തം സംഭവിക്കുന്ന സന്ദർഭങ്ങളിൽ നൽകുന്ന നിർദേശങ്ങൾ ഉൾകൊള്ളാൻ സാധിക്കാത്തവണ്ണം ധാരണാശക്തിയില്ലാത്തവരുടെ കാര്യം കൂടുതൽ കഷ്ടമാണ്. കാഴ്ച്ച വൈകല്യവും ശ്രവണവൈകല്യവുമുള്ളവർക്കും അടിയന്തരഘട്ടങ്ങളിൽ സഹായമഭ്യർത്ഥിക്കാൻ പ്രയാസമനുഭവപ്പെടും. ഈ വസ്തുതകൾ ദുരന്തമുണ്ടാകുന്ന സന്ദർഭങ്ങളിൽ വൈകല്യമുള്ളവരുടെ അപകട സാധ്യത വർദ്ധിപ്പിക്കുന്നു. അതിനാൽ വൈകല്യമുള്ളവർ കൃത്യമായ ശ്രദ്ധയും സംരക്ഷണവും പരിശീലനവും തൊഴിലും പുനരധിവാസവും അർഹിക്കുന്നു.

വൈകല്യങ്ങളുള്ളവർക്ക് ദുരന്തനിവാരണ യജ്ഞങ്ങളിൽ സഹായമെത്തിക്കുകയെന്ന അടിയന്തരാവശ്യം പരിഗണിച്ച് കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (KSDMA) 2016 മെയ്മാസത്തിൽ ''കേരളത്തിൽ ഭിന്നശേഷിക്കാർക്ക് പ്രാധാന്യം നൽകിക്കൊണ്ട് അടിയന്തര പ്രവർത്തണശേഷി ഊർജ്ജിതപ്പെടുത്തൽ'' എന്നൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഭിന്നശേഷിക്കരെയും അവരുടെ മേഖലയിൽ പ്രവർത്തിക്കുന്ന വിദ്ഗ്ദ്ധരെയും സംഘടിപ്പിച്ചുകൊണ്ട് രണ്ട് സംസ്ഥാനതല ചർച്ചകളും കൂടിയാലോചനകളും നടത്തുകയുണ്ടായി. ഇതേത്തുടർന്ന് പരിശീലനാവശ്യങ്ങൾക്കായി വൈകല്യങ്ങളും ദുരന്തനിവാരണവും സംബന്ധിച്ച ഒരു കൈപ്പുസ്തകം രൂപകല്പന ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. വൈകല്യങ്ങളുള്ളവരുടെ ഗണത്തിൽ പ്പെടുന്നവരെ മൊത്തം നാല് ഗ്രൂപ്പുകളായി വിഭജിക്കുകയും ചെയ്തു:

- കാഴ്ച്ച വൈകല്യം
- ശ്രവണ - സംസാര വൈകല്യം
- ശാരീരിക വൈകല്യം
- ബുദ്ധിവൈകല്യം

ദുരന്തം സംഭവിക്കുമ്പോൾ വൈകല്യമുള്ളവരുടെ ആവലതികൾക്കു ജില്ലാതലത്തിൽ പരിഹാരം കുകയും ദുരിതബാധിതർക്കു പ്രഥമശുശ്രൂഷ, ദുരന്തത്തെ അതിജീവിക്കുന്നതിനുള്ള പരിശീലനം, തിരിച്ചിലും രക്ഷപ്പെടുത്തലും, ഒഴിപ്പിക്കൽ, ദുരന്തം സംബന്ധിച്ചു മുന്നറിയിപ്പ് നല്കൽ എന്നിവയുമാണ് ഈപദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ദുരന്തനിവാരണത്തിൽ വൈകല്യങ്ങളെ മുഖ്യമായി കണക്കാക്കുക, അപായ സാദ്ധ്യത ലഘൂകരിക്കപ്പെടേണ്ടവരിൽ വൈകല്യമുള്ളവരെക്കൂടി ഉൾപ്പെടുത്തുക, വൈകല്യങ്ങളുള്ളവരുടെ ശേഷി വർദ്ധിപ്പിക്കൽ എന്നീ

കാര്യങ്ങളിലും പദ്ധതി ഊന്നൽ നല്കുന്നു. ബ്രെയ്യ്‌ലിയിലും ഓഡിയോ ഫോർമട്ടിലും ആംഗ്യഭാഷയിലും (Sign Language) ഇതു സംബന്ധിച്ച നിർദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ''ഭിന്നശേഷിക്കാർക്കൊരു സുരക്ഷിത സംസ്ഥാനം'' എന്നതാണ് KSDMA-യുടെ ആദർശവാക്യം.

സൂചക പദങ്ങൾ

- വൈകല്യമുള്ളവർ
- ഭിന്നശേഷിക്കാർ
- ദുരന്ത ലഘൂകരണം
- ദുരന്ത നിവാരണ തയ്യാറെടുപ്പുകൾ
- ദുരന്തനിവാരണം